## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം

വിഷയം:- ആ.വ.ഡ –ജീവനക്കാര്യം – ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ശ്രീമതി. മഞ്ജുള. ജി – അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസറുടെ 30.12.2016 ലെ എ4-12822/16 നമ്പർ കത്ത്

2. എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ 20.10.2016 ലെ എ4-20467/96 നമ്പർ കത്ത്

3. സർക്കാർ ഉത്തരവ് (പി)നം.12/96/പി&എ.ആർ.ഡി തീയതി 16.03.96

### ഉത്തരവ് നം.ഇ.എഫ് 2-83853/2016/ആ.വ.ഡ തീയതി 17.03.2017

ഇടുക്കി തൊടുപുഴ വെക്ടർ കൺട്രോൾ യൂണിറ്റിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II ശ്രീമതി. മഞ്ജുള. ജി എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പരാമർശം 1 പ്രകാരം അപേക്ഷിക്കുകയും പരാമർശം 2 പ്രകാരം എറണാകുളം ജില്ലയിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ഒഴിവുള്ളതായും അറിയിച്ചിട്ടുണ്ട്.

മേൽ അപേക്ഷ പരിശോധിച്ചതിൽ അന്തർ ജില്ലാ സ്ഥലം മാറ്റ നിബന്ധനകൾക്കും ഉത്തരവിനും വിധേയമായി ഇടുക്കി തൊടുപുഴ വെക്ടർ കൺട്രോൾ യൂണിറ്റിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II ശ്രീമതി. മഞ്ജുള. ജി ക്ക് എറണാകുളം ജില്ലയിൽ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ ടിയാൾക്ക് ഉചിതമായ സ്ഥലത്തേക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ നിന്നും നിയമന ഉത്തരവ് ലഭിച്ച ശേഷം മാത്രമേ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്ത് നിന്നും വിടുതൽ ചെയ്യേണ്ടതുള്ളൂ എന്ന് നിർദ്ദേശിക്കുന്നതോടൊപ്പം തന്നെ അന്തർ ജില്ലാ സ്ഥലം മാറ്റ നിയമങ്ങളെല്ലാം ടിയാൾക്ക് ബാധകമായിരിക്കും. വിടുതൽ പ്രവേശന തീയതികൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാകുന്നു.

ഒപ്പ്/-
**ഡോ. എ. സമീറ**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)**

സ്വീകർത്താവ്

ശ്രീമതി. മഞ്ജുള. ജി
ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II (മേലധികാരി മുഖേന)

പകർപ്പ്:- 1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി/എറണാകുളം
2. ബയോളജിസ്റ്റ്, വെക്ടർ കൺട്രോൾ യൂണിറ്റ്, തൊടുപുഴ
3. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

0100992

GOVERNMENT OF KERALA